**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1282** **12-02-2025 - ൽ മറുപടിയ്ക്ക്**

**കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളുടേയും പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 544-ൽ മണ്ണുത്തി-ഇടപ്പള്ളി ഭാഗത്ത് ദേശീയപാത അതോറിറ്റിയും കരാർ കമ്പനിയുമായുണ്ടായിരുന്ന കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ - അങ്കമാലി - ഇടപ്പള്ളി ദേശീയപാത 544 യുടെ 4/6 വരിയാക്കൽ പ്രവൃത്തി 22.09.2006 ന് ആരംഭിച്ചു. പദ്ധതിയുടെ COD (Commercial Operation Date) 18.04.2016 ൽ നൽകിയിട്ടുണ്ട്. സർവ്വീസ് റോഡുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ, പുതുക്കാട് VUP, പുതുക്കാട് Retaining wall എന്നിവ Change of Scope പ്രവൃത്തികളായി പൂർത്തിയാക്കാം എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് PCOD/COD നൽകിയത്.<br><br>കരാർ കമ്പനി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ Negative Change of Scope -ൽ ഉൾപ്പെടുത്തി ദേശീയപാത അതോറിറ്റിയും, കരാർ കമ്പനിയും ഉൾപ്പെട്ട ആർബിട്രേഷനിൽ Counter Claim ആയി ഈ വിഷയങ്ങൾ ദേശീയപാത അതോറിറ്റി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ആർബിട്രേഷൻ ട്രിബ്യൂണലിന്റെ വിധിക്കനുസൃതമായി നടപടി സ്വീകരിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ബസ്സ്ബേകൾ, ബസ്സ് ഷെൽട്ടറുകൾ, സുരക്ഷാ സംവിധാനങ്ങൾ, ആംബുലൻസുകൾ, സ്ട്രീറ്റ് ലൈറ്റുകൾ തുടങ്ങി പല പ്രവൃത്തികളും ഇനിയും പൂർത്തീകരിക്കാനുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത പ്രവൃത്തികളുൾപ്പെടെ പൂർത്തിയാക്കുന്നതിനും പുതുതായി നിർമ്മിക്കേണ്ട പ്രവൃത്തികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | എ പിരിവിന്റെ അതേ മറുപടി |
| (ഡി) | പുതുക്കാട് ഓവർബ്രിഡ്ജ്, ആമ്പല്ലൂർ, പേരാമ്പ്ര, മുരിങ്ങൂർ, കൊരട്ടി, ചെറങ്ങര എന്നിവിടങ്ങളിലെ അണ്ടർ പാസ്സേജുകൾ എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ? | (ഡി) | ആന്വൽ റോഡ് സേഫ്റ്റി പ്ലാൻ 2024-2025 ൽ ഉൾപ്പെടുത്തി ദേശീയപാത 544ലെ 13 ബ്ലാക്ക്സ്പോട്ടുകളുടെ റെക്റ്റിഫിക്കേഷൻ പ്രവൃത്തിയുടെ ഭാഗമായ പുതുക്കാട് ഫ്ലൈ ഓവറിന്റെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ടെണ്ടർ ഘട്ടത്തിലാണ്. കൂടാതെ 11 ബ്ലാക്ക്സ്പോട്ടുകളുടെ റെക്ടിഫിക്കേഷൻ പ്രവൃത്തിയുടെ ഭാഗമായ ആമ്പല്ലൂർ, പേരാമ്പ്ര, മുരിങ്ങൂർ, കൊരട്ടി, ചെറങ്ങര അണ്ടർ പാസ്സേജുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ